പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1676 **01-07-2026-ൽ മറുപടിയ്ക്ക്**

ലൈഫ് ഭവന പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. കെ. സനോജ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) 2016-2026 സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ ലൈഫ് ഭവന പദ്ധതി വഴി ഇതുവരെ എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകിയെന്നും ഇതിനായി സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്നും വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ;

മറുപടി: ലൈഫ് മിഷന്റെ ഭാഗമായി 2017 മുതൽ 15/06/2026 വരെ 6,09,514 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 5,02,401 വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 1,07,113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഈ പദ്ധതി പ്രകാരം 2016-17 മുതൽ 2025-26 വരെ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം, സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം, വായ്പാവിഹിതം എന്നീ ഇനങ്ങളിലായി 21209.85 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ലൈഫ് ഭവന പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി യഥാക്രമം എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഭൂമിയുള്ള ഭവനരഹിതർ, ഭൂരഹിത-ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് ഓരോ വിഭാഗത്തിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: ലൈഫ് ഭവനപദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി 52680 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണ ത്തിനായി (പി.എം.എ.വൈ -ഗ്രാമീൺ, പി.എം.എ.വൈ - നഗരം എന്നിവ ഉൾപ്പെടെ) 15/06/2026 വരെ 4,12,492 വീടുകളുടെ നിർമ്മാണവും മൂന്നാംഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസ പദ്ധതിയിലൂടെ 37,229 കുടുംബങ്ങൾക്കും ഭവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുൻ സർക്കാർ നിർമ്മാണം ആരംഭിച്ച ഭവനസമുച്ചയങ്ങളുടെ വിവരങ്ങളും അവയിൽ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയവയുടെയും നിർമ്മാണം പുരോഗമിക്കുന്നവയുടെയും വിവരങ്ങളും ലഭ്യമാക്കാമോ;

മറുപടി: ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മുൻ സർക്കാർ നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിച്ച ഭവന സമുച്ചയങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ, പാർട്ട്ണർഷിപ്പ് എന്നിവയിലൂടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയ ഭവന സമുച്ചയങ്ങളുടെയും വിവരം അനുബന്ധം(2)-ആയും നിർമ്മാണം പുരോഗമിക്കുന്ന ഭവന സമുച്ചയങ്ങളുടെ വിവരം അനുബന്ധം (3)-ആയും ചേർക്കുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതികളുമായി സംയോജിപ്പിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വിനിയോഗിച്ചും മുൻ സർക്കാർ ലൈഫ് മിഷൻ വിജയകരമായി മുന്നോട്ടുകൊണ്ടുപോയതിന്റെ ഭരണപരമായ വിശദാംശങ്ങളും തുകയുടെ വിനിയോഗവും വ്യക്തമാക്കാമോ;

മറുപടി: കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം, ഗ്രാമീൺ) പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഫണ്ട്, സംസ്ഥാന വിഹിതം, വായ്പ വിഹിതം എന്നിവ ലൈഫ് മിഷൻ വിഹിതവുമായി സംയോജിപ്പിച്ച് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ആവിഷ്കരിച്ചതിനാൽ പി.എം.എ.വൈ. ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണ ധനസഹായമിനത്തിൽ 4 ലക്ഷം രൂപ ലഭിക്കുന്നു. ഇതിൽ പി.എം.എ.വൈ. (ഗ്രാമീൺ)യിൽ കേന്ദ്ര വിഹിതമായി ഒരു ഗുണഭോക്താവിന് 72,000 രൂപയാണ് ലഭിക്കുന്നത്. അവശേഷിക്കുന്ന 3,28,000 രൂപ സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതമാണ്. പി.എം.എ.വൈ (നഗരം) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 1,50,000 രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. അവശേഷിക്കുന്ന 2,50,000 രൂപ സംസ്ഥാന സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ വിഹിതമായോ ആണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച 1,27,048 വീടുകളിൽ 1,02,015 വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കായി കേന്ദ്ര/ സംസ്ഥാന വിഹിതമിനത്തിൽ 2191.9724 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിയും ഇപ്രകാരം ലൈഫ് ഭവനപദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലേയും സമീപത്തേയും ദുർഘട പ്രദേശങ്ങളിലേയും ഭവന നിർമ്മാണത്തിന് പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയും ലഭിക്കുന്നു. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റായി 1,20,000/- രൂപ 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. ലൈഫ് പദ്ധതിയുടെ ഭാഗമായി പി.എം.എ.വൈ(ഗ്രാമീൺ) ഗുണഭോക്താക്കളിൽ എസ്.സി, എസ്.ടി ജനറൽ വിഭാഗങ്ങൾക്ക് 4,00,000/- രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6,00,000/- രൂപയുമാണ് ആകെ ധനസഹായമായി അനുവദിക്കുന്നത്. ടി തുകയിൽ എസ്.സി, എസ്.ടി വിഭാഗം ഗുണഭോക്താക്കൾക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ 1,00,000/- രൂപ അനുവദിക്കുന്നുണ്ട്. കേന്ദ്ര/ സംസ്ഥാന വിഹിതവും എസ്.സി, എസ്.ടി വകുപ്പ് ധനസഹായവും കുറച്ച് ബാക്കിയുള്ള തുക ത്രിതല പഞ്ചായത്തുകൾ അവരുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 25:40:35 എന്ന അനുപാതത്തിലാണ് തുക വകയിരുത്തുന്നത്.2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി പ്രകാരം കേന്ദ്ര/ സംസ്ഥാന വിഹിതമായി 901,79,69,242 രൂപയും, ത്രിതല പഞ്ചായത്ത് വിഹിതമായി 1323,45,88,423 രൂപയും ഉൾപ്പെടെ ആകെ 2225,25,57,665 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ഇതുവരെ (15/06/2026) 80,533 വീടുകൾ അനുവദിച്ചതിൽ 38061 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഇ) ലൈഫ് പദ്ധതിയുടെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, അതിദാരിദ്ര്യ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് പ്രത്യേക മുൻഗണന നൽകി മുൻ സർക്കാർ നടപ്പിലാക്കിയ ഭവനനിർമാണങ്ങളുടെ വിശദാംശങ്ങളും അതിനായി ഓരോ വിഭാഗത്തിനും അനുവദിച്ച ആകെ തുകയും വ്യക്തമാക്കാമോ?

മറുപടി: ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 2017-ൽ തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ ഭൂമിയുള്ള പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേക പരിഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെടാനാകാതെപോയ അർഹരായ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഭൂണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി 2019-ൽ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പ് ഡയറക്ടർമാർ മുഖേന അർഹരായ കുടുംബങ്ങളുടെ ലിസ്റ്റ് പ്രത്യകമായി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി ഗ്രാമസഭ/വാർഡ്സഭ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അംഗീകാരത്തോടെ ലിസ്റ്റ് അന്തിമമാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ട ഭൂണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ലൈഫ് 2020 ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിയുള്ള പട്ടികജാതി, പട്ടികവർഗ്ഗ,മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കും 2022 മുതൽ സർക്കാരിന്റെ 15/11/2022-ലെ സ.ഉ.(സാധാ) 2806/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രത്യേക പരിഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിച്ച് വരുന്നു.

ഇതിന് പുറമെ പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി, അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് ടി വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻ എന്നിവയിലൂടെയും ഭൂമി ലഭ്യമാക്കുന്നതിനും ഭൂമി ലഭ്യമായിട്ടുള്ളവർക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട 1,56,631 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിൽ 1,29,933 വീടുകളുടെയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 53,707 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 47,005 വീടുകളുടെയും, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 17,063 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 15,260 വീടുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

പട്ടിക ജാതി, പട്ടിക വർഗ്ഗ മത്സ്യതൊഴിലാളി വിഭാഗത്തിൽ പ്പെട്ടവർക്കും അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർക്കും ഭവന നിർമ്മാണ ധനസഹായമായി 4 ലക്ഷം രൂപയും, പട്ടികവർഗ്ഗ സങ്കേതങ്ങളിലേയും സമീപത്തേയും ദുർഘട പ്രദേശങ്ങളിലേയും ഭവന നിർമ്മാണത്തിന് പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 6 ലക്ഷം രൂപയുമാണ് ലൈഫ് ഭവനപദ്ധതിയിൽ ഭവന നിർമ്മാണ ധനസഹായമായി ആകെ അനുവദിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം 2

	ജില്ല	ഗ്രാമപഞ്ചായത്ത്/ കോർപ്പറേഷൻ	നിർമ്മാണം പൂർത്തിയാക്കിയ ഭവന സമുച്ചയങ്ങളിലെ യൂണിറ്റുകളുടെ എണ്ണം
ലൈഫ് മിഷൻ മുഖേന നിർമ്മിച്ച/ വിലയ്ക്ക് വാങ്ങിയ ഭവന സമുച്ചയങ്ങൾ	ഇടുക്കി	അടിമാലി ഗ്രാമപഞ്ചയത്ത്	217
	കൊല്ലം	പുനലൂർ നഗരസഭ	44
	കോട്ടയം	വിജയപുരം ഗ്രാമപഞ്ചായത്ത്	44
	ഇടുക്കി	കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്	42
	കണ്ണൂർ	കടമ്പൂർ ഗ്രാമപഞ്ചായത്ത്	44
തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച ഭവന സമുച്ചയങ്ങൾ	തിരുവനന്തപുരം	വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്	21
	എറണാകുളം	കീഴ്മാട് ഗ്രാമപഞ്ചായത്ത്	12
	എറണാകുളം	അങ്കമാലി നഗരസഭ	12
	കണ്ണൂർ	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (എരമം-കുറ്റൂർ)	5
	കണ്ണൂർ	കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഏഴോം)	24
	തിരുവനന്തപുരം	കാട്ടാക്കട ഗ്രാമപഞ്ചായത്ത്	28
	തിരുവനന്തപുരം	കിളിമാന്നൂർ ബ്ലോക്ക് പഞ്ചായത്ത് (പഴയകുന്നുമ്മേൽ)	18

പാർട്ട്ണർഷിപ്പിലൂടെ നിർമ്മിച്ച ഭവന സമുച്ചയങ്ങൾ	എറണാകുളം	ജി.സി.ഡി.എ. (കൊച്ചി നഗരസഭ)	83
	മലപ്പുറം	പെരിന്തൽമണ്ണ നഗരസഭ	396
സ്പോൺസർഷിപ്പിലൂടെ ലഭിച്ച ഭവന സമുച്ചയങ്ങൾ	തിരുവനന്തപുരം	തിരുവനന്തപുരം നഗരസഭ (മണ്ണന്തല-NGO Union)	7
	തൃശ്ശൂർ	കെയർഹോം (പഴയന്നൂർ)	34
	കണ്ണൂർ	ഹൗസിംഗ് ബോർഡ് (പട്ടുവം)	23
	കണ്ണൂർ	കെയർഹോം (കുറുമാത്തൂർ)	18
ആകെ			**1072**

അനുബന്ധം 3

നിർമ്മാണം പുരോഗമിക്കുന്ന ഭവനസമുച്ചയങ്ങൾ

ക്രമ നം.	സ്ഥലം	ജില്ല	പുരോഗതി (%)
1	ചെമ്മനാട്	കാസർഗോഡ്	95
2	നെല്ലിക്കുഴി (പാർട്ട്ണർഷിപ്പ്)	എറണാകുളം	85
3	ചിറ്റൂർ, തത്തമംഗലം	പാലക്കാട്	68
4	അഞ്ചൽ	കൊല്ലം	58
5	കണ്ണപുരം	കണ്ണൂർ	52
6	കൊടുമ്പ് – കണ്ണാടി	പാലക്കാട്	50
7	കട്ടപ്പന	ഇടുക്കി	40
8	ചാത്തമംഗലം	കോഴിക്കോട്	36
9	വാത്തിക്കുടി	ഇടുക്കി	30
10	ഏനാത്ത്	പത്തനംതിട്ട	30
11	പന്തളം	പത്തനംതിട്ട	30
12	ആലങ്കോട്	മലപ്പുറം	23
13	ആന്തൂർ	കണ്ണൂർ	22
14	മണ്ണഞ്ചേരി	ആലപ്പുഴ	21
15	അയ്യമ്പുഴ	എറണാകുളം	20
16	പൂവച്ചൽ	തിരുവനന്തപുരം	20
17	കാറളം	തൃശ്ശൂർ	15
18	കാഞ്ചിയാർ	ഇടുക്കി	10
19	മടവൂർ	തിരുവനന്തപുരം	10
20	പയ്യന്നൂർ	കണ്ണൂർ	9
21	മീഠായിക്കുന്ന്,	കോട്ടയം	9

	തലയോലപ്പറമ്പ്		
22	നടുവന്നൂർ	കോഴിക്കോട്	5
23	ചിറക്കൽ	കണ്ണൂർ	5